# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 18, തിങ്കൾ

**നമ്പർ 197**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം:

കേരള സർവ്വകലാശാലയിലെ മോഡറേഷൻ മാർക്കിൽ വർദ്ധന വരുത്തി ഉദ്യോഗസ്ഥർ, പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികളെ വിജയിപ്പിച്ചതായി പറയപ്പെടുന്ന സംഭവത്തെ തുടർന്ന് ഉന്നതവിദ്യാഭ്യാസമേഖലയിൽ ഉണ്ടായിരിക്കുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ:

(1) 2019-ലെ കേന്ദ്രമോട്ടോർവാഹന ഭേദഗതിനിയമത്തിലെ ജനവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി ഇ. എസ്. ബിജിമോൾ ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ സ്മരണാർത്ഥം ഉഴവൂരിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിവിധ വികസനപദ്ധതികൾ യാഥാർത്ഥ്യമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1440/2019(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഹരിപ്പാട് റവന്യൂ ടവർ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ജെയിംസ് മാത്യു | ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നതിന് ഭൂപരിധിയിലെ ഇളവ് ബാധകമാക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ഡോ. എം. കെ. മുനീർ | ഡി. ബാബു പോളിന് സ്മാരകം പണിയുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ഡി. സതീശൻ | കേരള സർവ്വകലാശാല ടീച്ചിംഗ് ഡിപ്പാർട്ട്മെന്റിലെ പരീക്ഷാ കലണ്ടർ | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഒ. രാജഗോപാൽ | കൈമനത്തെ ഗാന്ധിമന്ദിരവും ശിലാലിഖിതങ്ങളും പുനഃസ്ഥാപിക്കുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. കെ. സി. മമ്മത് കോയ | ബേപ്പൂർ തുറമുഖത്തെ മണൽ ഖനനം | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | കരമന-കളിയിക്കാവിള പാത വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീമതി ഗീതാ ഗോപി | അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കെ. കുഞ്ഞിരാമൻ | കാസർഗോഡ് ജില്ലയിലെ കന്നഡ മീഡിയം സ്കൂളുകളിലെ നിയമനം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. ഉബൈദുള്ള | സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് | ധനകാര്യവും കയറും വകുപ്പുമന്ത്രി. |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടങ്ങൾക്കുള്ള ഭേദഗതി :

(1) 2019 ആഗസ്റ്റ് 22-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 8/2019/ ജി.ഇ.ഡി.എൻ. (എസ്.ആർ.ഒ. നമ്പർ 572/2019) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള എഡ്യൂക്കേഷൻ (സെക്കന്റ് അമെന്റ്മെന്റ്) ചട്ടങ്ങൾക്ക് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു സംസാരിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ, അവതരിപ്പിച്ച ഭേദഗതികൾ അനുമതിയോടെ പിൻവലിച്ചു

(2) 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ. ഉ. (കൈ.) നമ്പർ 12/2019/നോർക്ക (എസ്.ആർ.ഒ. നമ്പർ 650/2019) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിക്ക് ശ്രീ. എം. ഉമ്മർ ഭേദഗതികൾ അവതരിപ്പിച്ചു സംസാരിച്ചു. മുഖ്യമന്ത്രിക്ക് വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ, മറുപടി പറഞ്ഞു. അവതരിപ്പിച്ച ഭേദഗതികൾ അനുമതിയോടെ പിൻവലിച്ചു

നിയമനിർമ്മാണകാര്യം:

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. പി. കെ. അബ്ദു റബ്ബ് സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. പ്രദീപ് കുമാറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. എസ്. ശബരീനാഥൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അവതരിപ്പിച്ചു സംസാരിച്ചു.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. ഷാഫി പറമ്പിൽ സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി ഇ. എസ്. ബിജിമോളും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. എൻ. എ. ഖാദറും അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ചെയ്തു.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച് ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ചെയ്തു.

അതിനുശേഷം ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ</u>

<u>നാലാം വകുപ്പ്</u>

In section 12(1) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(a), after the words "appointed by the Syndicate" the symbol "," shall be inserted.

<u>എട്ടാം വകുപ്പ്</u>

In Clause 8, for the word "in" after the word "applicable" the word "to" shall be substituted.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

മൂന്നാം വകുപ്പ്

ഖണ്ഡം 3(എ) പ്രകാരം 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 32 (6)-ൽ "രജിസ്ട്രാറെ" എന്നതിനുപകരം "രജിസ്ട്രാർ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഖണ്ഡം 3(ബി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(5)-ൽ "പരീക്ഷാ കൺട്രോളറെ" എന്ന വാക്കുകൾക്കുപകരം "പരീക്ഷാ കൺട്രോളർ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

നാലാം വകുപ്പ്

ഖണ്ഡം (i)-ാം ഇനത്തിൽ "ഫൈനാൻസ് ഓഫീസറെ" എന്ന വാക്കുകൾക്ക് പകരം "ഫൈനാൻസ് ഓഫീസർ"എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡത്തിലെ "പരീക്ഷാ കൺട്രോളറെ"എന്ന വാക്കുകൾക്കുപകരം "പരീക്ഷാ കൺട്രോളർ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 4 (എ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3)-ൽ "രജിസ്ട്രാറെ" എന്നതിനുപകരം "രജിസ്ട്രാർ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ആറാം വകുപ്പ്

ഖണ്ഡം 6-ൽ "റദ്ദാക്കലും ഒഴിവാക്കലും." എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും ശേഷം "(1) " എന്ന അക്കവും ചിഹ്നങ്ങളും ചേർക്കുക.

2019 നവംബർ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 4.14-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, November 18, 2019*

**No. 197**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Higher Education the Speaker withheld consent to the moving of an Adjournment motion given notice of by Shri Roji M. John and three other Members regarding the apprehension in the Higher education sector of the State consequent to the alleged action by certain officers of Kerala University by violating moderation norms and thereby declaring some students failed in the examination as passed.

(In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.)

*Calling Attention:*

(1) Smt. E. S. Bijimol called the attention of the Minister for Transport to the necessity to exert pressure on Central Government to amend the anti-people and anti-worker provisions in the Motor Vehicles (Amendment) Act, 2019.

(2) Shri Mons Joseph called the attention of the Chief Minister to the necessity to realise the various projects announced by the State Government in Uzhavur in commemoration of DR. K. R. Narayanan, the former President.

KNPP. 1440/2019(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഹരിപ്പാട് റവന്യൂ ടവർ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ജെയിംസ് മാത്യു | ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നതിന് ഭൂപരിധിയിലെ ഇളവ് ബാധകമാക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ഡോ. എം. കെ. മുനീർ | ഡി. ബാബു പോളിന് സ്മാരകം പണിയുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ഡി. സതീശൻ | കേരള സർവ്വകലാശാല ടീച്ചിംഗ് ഡിപ്പാർട്ട്മെന്റിലെ പരീക്ഷാ കലണ്ടർ | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഒ. രാജഗോപാൽ | കൈമനത്തെ ഗാന്ധിമന്ദിരവും ശിലാലിഖിതങ്ങളും പുനഃസ്ഥാപിക്കുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. കെ. സി. മമ്മത് കോയ | ബേപ്പൂർ തുറമുഖത്തെ മണൽ ഖനനം | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | കരമന-കളിയിക്കാവിള പാത വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീമതി ഗീതാ ഗോപി | അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. കെ. കുഞ്ഞിരാമൻ | കാസർഗോഡ് ജില്ലയിലെ കന്നഡ മീഡിയം സ്കൂളുകളിലെ നിയമനം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. ഉബൈദുള്ള | സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് | ധനകാര്യവും കയറും വകുപ്പുമന്ത്രി. |

The Ministers concerned made statements on the respective subjects.

*Consideration of Amendments to Rules:*

(1) Prof. Abid Hussain Thangal moved Amendments to the Kerala Education (Second Amendment) Rules, 2019 issued in G. O. (P) No. 8/2019/G.Edn. dated 22-8-2019 (S.R.O. No. 572/2019). The Minister for General Education replied to the points raised. The amendments were withdrawn by the leave of the House.

(2) Shri M. Ummer moved Amendments to the Non-Resident Keralites' Divident Scheme, 2019 issued in G. O. (Ms.) No. 12/2019/Norka dated 2-9-2019 (S.R.O. No. 650/2019). As authorised by the Chief Minister the Minister for General Education replied to the points raised. The amendments were withdrawn by the leave of the House.

*Legislative Business:*

<u>Motion for consideration and further stages of the following Bills as reported by the Subject Committee</u>

DR. K. T. Jaleel, Minister for Higher Education and Minority Welfare, Hajj and Wakf moved the motion that The University Laws (Amendment) Bill, 2019 and The University Laws (Amendment) (No.2) Bill, 2019 as reported by the Subject Committee be taken up for consideration.

Shri P. K. Abdu Rabb who recorded his notes of dissent to the Subject Committee Report regarding The University Laws (Amendment) Bill, 2019 spoke. Shri A. Pradeep Kumar moved an amendment to circulate the Bill for obtaining public opinion and Shri Thiruvanchoor Radhakrishnan as authorised by Shri K. S. Sabarinadhan moved another amendment to recommit the Bill to the same Subject Committee and spoke.

Shri Shafi Parambil who recorded his notes of dissent to the Subject Committee Report regarding The University Laws (Amendment) (No. 2) Bill, 2019 spoke. Smt. E. S. Bijimol moved an amendment to circulate the Bill for obtaining public opinion and Shri K. N. A. Khader moved another amendment to recommit the Bill to the same Subject Committee and spoke.

After the discussion and reply of the Minister the amendment moved by Shri A. Pradeep Kumar regarding The University Laws (Amendment) Bill, 2019 was withdrawn by the leave of the House and the amendment moved by Shri Thiruvanchoor Radhakrishnan was declared lost.

The amendment moved by Smt. E. S. Bijimol regarding The University Laws (Amendment) (No. 2) Bill, 2019 was withdrawn by the leave of the House and the amendment moved by Shri K. N. A. Khader was declared lost.

Then the motion was adopted and the Bills were taken up for clause by clause consideration and passed with the following amendments.

**The University Laws (Amendment) Bill, 2019 as reported by the Subject Committee**

<u>നാലാം വകുപ്പ്</u>

In section 12(1) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(a), after the words "appointed by the Syndicate" the symbol "," shall be inserted.

<u>എട്ടാം വകുപ്പ്</u>

In Clause 8, for the word "in" after the word "applicable" the word "to" shall be substituted.

**The University Laws (Amendment) (No. 2) Bill, 2019 as reported by the Subject Committee**

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3 (എ) പ്രകാരം 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 32 (6)-ൽ "രജിസ്ട്രാറെ" എന്നതിനുപകരം "രജിസ്ട്രാർ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ഖണ്ഡം 3(ബി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(5)-ൽ "പരീക്ഷാ കൺട്രോളറെ" എന്ന വാക്കുകൾക്കുപകരം "പരീക്ഷാ കൺട്രോളർ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

<u>നാലാം വകുപ്പ്</u>

ഖണ്ഡം (i)-ാം ഇനത്തിൽ "ഫൈനാൻസ് ഓഫീസറെ" എന്ന വാക്കുകൾക്ക് പകരം "ഫൈനാൻസ് ഓഫീസർ"എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡത്തിലെ "പരീക്ഷാ കൺട്രോളറെ" എന്ന വാക്കുകൾക്കുപകരം "പരീക്ഷാ കൺട്രോളർ"എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 4 (എ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3)-ൽ "രജിസ്ട്രാറെ" എന്നതിനുപകരം "രജിസ്ട്രാർ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6-ൽ "റദ്ദാക്കലും ഒഴിവാക്കലും." എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും ശേഷം "(1) " എന്ന അക്കവും ചിഹ്നങ്ങളും ചേർക്കുക.

The House adjourned at 4.14 p.m. to meet again at 9.00 a.m. on Tuesday November 19, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*